# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 449 — 29.06.2016-ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങൾ ആദായനികുതി പരിധിയിൽ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം. നൗഷാദ് :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ആദായനികുതി നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരാനുള്ള കേന്ദ്രനീക്കം പ്രതിരോധിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ആദായനികുതി നിയമത്തിലെ 80(പി) വകുപ്പ് പ്രകാരം ആദായ നികുതിയിൽ നിന്ന് സഹകരണ സംഘങ്ങളെ/ബാങ്കുകളെ ഒഴിവാക്കിയിരുന്നു. എന്നാൽ 2006-07-ൽ പ്രസ്തുത ഇളവ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് ആദായ നികുതി നിയമത്തിൽ കേന്ദ്രസർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. 2012 ഏപ്രിലിൽ തുടങ്ങിയ അസ്സസ്സ്മെന്റ് വർഷം മുതൽ പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വായ്പാ സംഘങ്ങളും ആദായനികുതി നിയമത്തിന്റെ പരിധിയിൽ വരുകയുണ്ടായി. 2007-ൽ ആദായനികുതി നിയമത്തിൽ ഭേദഗതി വന്ന വേളയിൽ കേരള നിയമസഭ ഐക്യകണ്ഠേനയുള്ള പ്രമേയത്തിലൂടെ സഹകരണ മേഖലയ്ക്ക് ഉണ്ടായിരുന്ന ആദായനികുതി ഇളവ് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് |

| | |
|---|---|
| | ആവശ്യപ്പെട്ടിരുന്നു. കൂടാതെ വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി സംസ്ഥാനത്തു നിന്നുള്ള എം.പി.മാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിച്ചിരുന്നു. |
| (ബി) പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്ന പുതിയ നിബന്ധനകൾ വല്ലതും കേന്ദ്ര ആദായനികുതി വകുപ്പ് മുന്നോട്ടു വച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പുതിയ കേന്ദ്ര സഹകരണ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (സി) സഹകരണവുമായി ബന്ധപ്പെട്ട 97-ാം ഭരണഘടന ഭേദഗതി നിയമം 2011, 15.02.2012-നാണ് പ്രാബല്യത്തിൽ വന്നത്. പ്രസ്തുത നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി കേരള സഹകരണ നിയമം ഭേദഗതി ചെയ്യുകയും ഭേദഗതി 14.02.2013-ന് പ്രാബല്യത്തിൽ വരുകയുമുണ്ടായി(2013-ലെ 8-ാം നമ്പർ നിയമം). നിലവിലുള്ള നിയമത്തിൽ ഭേദഗതി വേണമോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**